No. 109/2020

## സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
ലോകരാജ്യങ്ങളിൽ ഏറെ ഭീതി പടർത്തിക്കൊണ്ടിരിക്കുന്ന കൊവിഡ് 19 മഹാമാരി ഭാരതത്തിലും അതിവേഗം പടരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ജനജീവിതം സാധാരണ നിലയിൽ കൊണ്ടുവരുന്നതിന് ലോക്ഡൗൺ അഞ്ചാംഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആരാധനാലയങ്ങളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് നിയന്ത്രണങ്ങളോടെ കൂടുതൽ ഇളവുകൾ കൊണ്ടുവന്നിട്ടുമുണ്ട്. ഇപ്പോഴുള്ള ഗൗരവതരമായ സാഹചര്യങ്ങൾ പരിഗണിച്ച് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങളുടെ വിശേഷാൽ യോഗം ഈ കാര്യങ്ങൾ വിലയിരുത്തുകയും മലങ്കരസഭയുടെ ദേവാലയങ്ങളിൽ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ താഴെ പറയുന്ന കാര്യങ്ങൾ ക്രമീകരിക്കുന്നതിന് നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

1. നമ്മുടെ ദേവാലയങ്ങളിൽ ഇപ്പോൾ അനുവർത്തിച്ചുവരുന്നതുപോലെ കാർമ്മികൻ ഉൾപ്പെടെ അഞ്ച് പേർ മാത്രം ശുശ്രൂഷകൾ നിർവ്വഹിക്കുന്ന രീതി തുടരേണ്ടതാണ്.

2. വിശേഷാവസരങ്ങളിൽ, അത്യാവശ്യമെങ്കിൽ, സർക്കാർ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കപ്പെട്ടിട്ടുള്ള എണ്ണം ആളുകൾ മാത്രം പങ്കെടുക്കുന്നതിന് ഇടവകയുടെ ചുമതലക്കാർക്ക് അനുവാദം നൽകാവുന്നതാണ്.

3. പുതിയ മാനദണ്ഡങ്ങളനുസരിച്ച് വി. മാമോദീസ സ്പർശനം കൂടാതെ നടത്തണമെന്ന് പറഞ്ഞിട്ടുള്ളത് നമ്മുടെ പാരമ്പര്യങ്ങൾക്ക് നിരക്കുന്നതല്ലാത്തതിനാൽ ഇപ്പോഴുള്ള നിയന്ത്രണങ്ങൾ കഴിയുന്നതുവരെ 'മാമോദീസ' മാറ്റിവയ്ക്കുന്നതാണ് ഉചിതം. അടിയന്തിരാവശ്യങ്ങൾ ഉണ്ടാകുന്നപക്ഷം ഇടവകമെത്രാപ്പോലീത്തായുടെ അനുമതിയും നിർദ്ദേശങ്ങളും സ്വീകരിച്ച് ഉചിതമായ ക്രമീകരണങ്ങൾ വൈദികർ ചെയ്യേണ്ടതാണ്.

4. ഏത് കൂടിവരവിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയിട്ടുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ ഇടവക ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പ്രിയരെ,
ആരാധനാജീവിതം വിശ്വാസികൾക്ക് ശ്വാസോച്ഛ്വാസം പോലെ ഒഴിവാക്കുവാനാകാത്ത ആത്മീയ സാധനയാണ്. അതോടൊപ്പം സാമൂഹിക പ്രതിബദ്ധതയ്ക്ക് അതീവ പ്രാധാന്യം നൽകിക്കൊണ്ടാണ് പ. സഭ പ്രവർത്തിച്ചുവരുന്നത്. അതിൻപ്രകാരം നമ്മുടെ ദേവാലയങ്ങൾ രോഗവ്യാപനത്തിന് കാരണമാകാത്തനിലയിൽ ക്രമീകരണങ്ങൾ ചെയ്യുവാൻ നാം നിർബന്ധിതരായിരിക്കുന്നു. വിശ്വാസികൾ ഏവരും അവരുടെ ഭവനങ്ങളിൽ യാമപ്രാർത്ഥനകളിലും ഓൺലൈനിലൂടെ ഉള്ള ആരാധനാ സംബന്ധത്തിലും ഒരുക്കത്തിലും വിശുദ്ധിയിലും പങ്കുകാരാകണ

(മറുപുറം)

മെന്ന് നാം വീണ്ടും നിങ്ങളെ പ്രബോധിപ്പിക്കുന്നു. വിശ്വാസികളുടെ മാനസികവും ആത്മീയവും സാമ്പത്തികവുമായ പ്രതിസന്ധികളിൽ വൈദികർ ഉചിതമായ കരുതലും സഹായവും ആശ്വാസവും പകർന്ന് നൽകേണ്ടതാണ്. വിശ്വാസികൾക്ക് ഉത്തമ ആത്മീക നേതൃത്വം പകരുവാൻ നമ്മുടെ വൈദികർ പ്രത്യേകം ശ്രദ്ധിക്കണം. മാനസിക പിരിമുറുക്കം അനുഭവിക്കുന്നവർക്ക് സഭ ക്രമീകരിച്ചിട്ടുള്ള കൗൺസലിംഗ് സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. നമ്മുടെ കുഞ്ഞുങ്ങളെ ആരാധനാ ജീവിതത്തിൽ ചേർത്ത് നിർത്തുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. ദേവാലയങ്ങളിൽ നേരിട്ടെത്തുവാൻ സാധിക്കുന്നില്ലെങ്കിൽക്കൂടെയും ശമ്പളപദ്ധതി ഉൾപ്പെടെ മറ്റ് ദൈനംദിന ചെലവുകളും നടത്തുവാനുള്ള സഹായം ഇടവകകളിൽ എത്തിക്കുവാൻ സഭാമക്കൾ പ്രത്യേകം ശ്രദ്ധിക്കണം. ജൂൺ മാസം 16-ാം തീയതി ശ്ലീഹാ നോമ്പ് ആരംഭിക്കുകയാണല്ലോ. പ. സഭ മുഴുവനും ഈ നോമ്പ് നിഷ്ഠയോടെ ആചരിക്കണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. കൊവിഡ് മഹാമാരി ഉയർത്തുന്ന പ്രതിസന്ധികളെ അതിജീവിക്കുവാൻ ദൈവംതമ്പുരാൻ നമ്മെ ഏവരെയും ശക്തീകരിക്കുകയും സഹായിക്കുകയും ചെയ്യട്ടെ എന്ന് നാം പ്രത്യേകം പ്രാർത്ഥിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ജൂൺ മാസം 09-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.